# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 524</u> — <u>06.07.2012-ൽ മറുപടിക്ക്</u>

## <u>വയോജന ക്ലിനിക്കുകൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ലൂഡീ ലൂയിസ് :<br>,, കെ.ശിവദാസൻ നായർ :<br>,, എ.റ്റി.ജോർജ് :<br>,, പി.സി.വിഷ്ണുനാഥ് : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) മുതിർന്ന പൗരന്മാരുടെ ആരോഗ്യസംരക്ഷണത്തിനായി സർക്കാർ ആശുപത്രികളിൽ വയോജന ക്ലിനിക്കുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഇക്കാര്യം പരിശോധനയിലാണ്. |
| (ബി) പ്രസ്തുത ക്ലിനിക്കുകൾ വഴി എന്തെല്ലാം സേവനങ്ങളാണ് വയോജനങ്ങൾക്ക് ലഭിക്കുന്നത് ; | (ബി) സർക്കാരിന്റെ 2012-13 പദ്ധതി വിഹിതത്തിലൂടെയും, 13-ാം സാമ്പത്തിക കമ്മീഷന്റെ സഹായത്തോടെയും 14 ജില്ല/ജനറൽ ആശുപത്രികളിലും വയോജന വാർഡുകൾ തുടങ്ങുവാനും, പ്രത്യേക കിടക്കകൾ, പ്രത്യേക Antiskid ടൈലുകൾ, വഴുക്കലില്ലാത്ത ഫ്ലോർ ടൈലുകൾ പതിച്ച നവീകരിച്ച ടോയ്‌ലറ്റുകൾ എന്നിവ സജ്ജീകരിക്കുന്നതിനും, മറ്റ് ഉപകരണങ്ങൾ വിതരണം ചെയ്യുവാനും പദ്ധതി ഉണ്ട്.<br>28 താലൂക്ക് ആശുപത്രികളിൽ പ്രത്യേക വയോജന ക്ലിനിക്കുകൾ തുടങ്ങുവാനും, ഇവിടെ സ്പെഷ്യലിസ്റ്റ് സേവനം ഉൾപ്പെടെ മരുന്നുകളും, അനുബന്ധ ലബോറട്ടറി പരിശോധനകളും ലഭ്യമാക്കുന്നതാണ്. 28 സാമൂഹികാരോഗ്യകേന്ദ്രങ്ങൾ വഴിയും വയോജന ക്ലിനിക്കുകൾ തുടങ്ങി. ഇവിടെ രക്തസമ്മർദ്ദം, പ്രമേഹ രോഗനിർണ്ണയം, മരുന്നുകൾ, മറ്റ് സേവനങ്ങളും നൽകുന്നതാണ്.<br>National Programme for Health Care of Elderly (NPHCE) വഴി പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, കോഴിക്കോട്, തൃശ്ശൂർ, എന്നീ ജില്ലകളിലെ എല്ലാ സി.എച്ച്.സി കളിലും വയോജന ക്ലിനിക്കുകൾ നടന്നുവരുന്നു. കൂടാതെ കൂടാതെ സ്പെഷ്യാലിറ്റി ക്ലിനിക്, വയോജന വാർഡ്, രക്ത പരിശോധനാ സൗകര്യം എന്നിവ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്രസഹായമാണ് ലഭിക്കുന്നത് ; വിശദമാക്കാമോ ? | (സി) 2012-13 വർഷത്തേക്ക് 13-ാം സാമ്പത്തിക കമ്മീഷൻ വഴി 250 ലക്ഷം രൂപയും NPHCE വഴി 400 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ